REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി:** 27-06-2025 **സമയം** 06.45 AM

---

## പ്രധാന വാർത്തകൾ

- ലഹരിയുമായി ബന്ധപ്പെട്ട വിവരങ്ങൾ നൽകുന്നവരുടെ സ്വകാര്യത ലംഘിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടിയെടുക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.
- സംസ്ഥാന കായിക വകുപ്പിന്റെ ലഹരി വിരുദ്ധ സന്ദേശ യാത്ര തിരൂരിൽ സമാപിച്ചു.
- സംസ്ഥാനത്ത് ഇന്നും അതിശക്ത മഴയ്ക്ക് സാധ്യത- അഞ്ച് ജില്ലകളിൽ ഓറഞ്ച് ജാഗ്രത- ഏഴ് ജില്ലകളിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അവധി.
- തൊഴിൽ അന്വേഷകരാകാതെ തൊഴിൽ ദാതാക്കളായി മാറാൻ വിദ്യാർത്ഥികൾ ശ്രമിക്കണമെന്ന് ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ.
- സ്വദേശാഭിമാനി- കേസരി മാധ്യമ പുരസ്കാരങ്ങൾ തിരുവനന്തപുരത്ത് സമ്മാനിച്ചു.

## വാർത്തകൾ വിശദമായി

ലഹരി വ്യാപാരവുമായി ബന്ധപ്പെട്ട വിവരങ്ങൾ നൽകുന്ന വ്യക്തികളുടെ സ്വകാര്യത പൂർണമായും ഉറപ്പുവരുത്തുമെന്നും ഏതെങ്കിലും തരത്തിൽ സ്വകാര്യതകൾ ലംഘിച്ചാൽ കാരണക്കാരായ ഉദ്യോഗസ്ഥർ സർവീസിൽ തുടരില്ലെന്നും മുഖ്യമന്ത്രി പിണറായി വിജയൻപറഞ്ഞു.

അന്താരാഷ്ട്ര മയക്കുമരുന്ന് വിരുദ്ധ ദിനാചരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനവും നോ ടു ഡ്രഗ്സ് അഞ്ചാംഘട്ടത്തിനും തിരുവനന്തപുരത്ത് തുടക്കം കുറിക്കുകയായിരുന്നു മുഖ്യമന്ത്രി.

ഡെസ്ക്ക് റിപ്പോർട്ട്.

....(വോയ്സ്)...

ലഹരി വ്യാപനം തടയേണ്ടതിന്റെ പൂർണ്ണ ഉത്തരവാദിത്വം സമൂഹത്തിന് ആകെയുണ്ടെന്ന് മുഖ്യമന്ത്രി പറഞ്ഞു. രക്ഷിതാക്കളും അധ്യാപകരും ഇക്കാര്യത്തിൽ പ്രത്യേക ഉത്തരവാദിത്തം എടുക്കണമെന്നും, രക്ഷിതാക്കൾ ലഹരി ഉപയോഗത്തിൽ നിന്നും പൂർണമായും വിട്ടുനിൽക്കണമെന്നും മുഖ്യമന്ത്രി നിർദേശിച്ചു.

സ്കൂൾ കുട്ടികൾ ചെറിയ കൗതുകത്തിനോ, കൂട്ടുകാരുടെ നിർബന്ധം കൊണ്ടോ, മാനസിക സമ്മർദ്ദം കുറയ്ക്കാനോ ആണ് ആദ്യം ലഹരി ഉപയോഗിക്കുന്നത്. ക്രമേണ അവർ ലഹരി ഉപയോക്താക്കളും, വാഹകരുമായും മാറും. ലഹരി മുക്ത കേരളം എന്ന ലക്ഷ്യത്തോടെയാണ് നോ ടു ഡ്രഗ്സ് ആരംഭിച്ചത്. സ്കൂൾ തലം മുതൽ ജനകീയ പങ്കാളിത്തത്തോടെയാണ് പദ്ധതി നടപ്പാക്കി വരുന്നതെന്ന് മുഖ്യമന്ത്രി പറഞ്ഞു.

2026 ജനുവരി 30 വരെ നീളുന്നതാണ് നോ ടു ഡ്രഗ്സ് അഞ്ചാം ഘട്ടം. മൂന്നുമാസത്തിനകം മികച്ച ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുന്ന റസിഡൻസ് അസോസിയേഷനുകൾക്ക് താലൂക്ക് അടിസ്ഥാനത്തിൽ പുരസ്കാരം നൽകും. എക്സൈസ്, കുടുംബശ്രീ, പോലീസ്, സാംസ്കാരിക വകുപ്പ് എന്നിവർ വഴിയാകും പദ്ധതി നടപ്പിലാക്കുക.

കുട്ടികളിലെ വായനാശീലം പ്രോത്സാഹിപ്പിക്കുന്നതിനും ലഹരിയുടെ വശങ്ങളെക്കുറിച്ച് ബോധവാന്മാരാക്കുന്നതിനും ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച 10 പുസ്തകങ്ങൾ ചടങ്ങിൽ മുഖ്യമന്ത്രി, മന്ത്രി V ശിവൻകുട്ടിക്ക് നൽകി പ്രകാശനം ചെയ്തു.

✪✪✪

ലഹരി വിരുദ്ധ ബോധവത്ക്കരണത്തിന്റെ ഭാഗമായി ഉന്നത വിദ്യാഭ്യാസ വകുപ്പ് സംഘടിപ്പിച്ച 'ബോധപൂർണിമ' കർമ്മപദ്ധതി മന്ത്രി ഡോ. R ബിന്ദു തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്തു. ഗവൺമെന്റ് വിമൻസ് കോളജിലെ ചടങ്ങിൽ മന്ത്രി ലഹരിവിരുദ്ധ പ്രതിജ്ഞയും ചൊല്ലിക്കൊടുത്തു. ആഗോളവ്യാപകമായി ലഹരി വിരുദ്ധ പ്രചാരണങ്ങളും, ജനകീയ മുന്നേറ്റങ്ങളും വർദ്ധിച്ചുവരുമ്പോഴും ലഹരി ഉപയോഗം ഏറുന്നത് ആശങ്കാജനകമാണെന്ന് മന്ത്രി അഭിപ്രായപ്പെട്ടു. സ്കൂൾതലം മുതൽ നിരന്തര ബോധവത്ക്കരണവും, പ്രചാരണവും, സാമൂഹ്യ നിരീക്ഷണവും ശക്തമാക്കുന്നതിലൂടെ മാത്രമേ ലഹരി വ്യാപനം നിയന്ത്രിക്കാനാവൂ എന്നും മന്ത്രി പറഞ്ഞു.

✪✪✪

സംസ്ഥാന കായിക വകുപ്പിന്റെ 'കിക്ക് ഡ്രഗ്സ് - സേ യെസ് ടു സ്പോർട്സ്" ലഹരിവിരുദ്ധ സന്ദേശ യാത്ര മലപ്പുറം തിരൂരിൽ സമാപിച്ചു. മെയ് അഞ്ചിന് കാസർകോട്ടു നിന്ന് ആരംഭിച്ച് 14 ജില്ലകളിലും പര്യടനം നടത്തിയാണ് യാത്ര സമാപിച്ചത്. തിരൂർ ഗവ: ബോയ്സ് ഹയർസെക്കണ്ടറി സ്കൂളിൽ മന്ത്രി V അബ്ദുറഹിമാൻ സംസ്ഥാനതല സമാപനം ഉദ്ഘാടനം ചെയ്തു. ഫുട്ബോൾ താരം IM വിജയൻ, സംവിധായകൻ ലാൽജോസ്, കവി റഫീഖ് അഹമ്മദ്, സംഗീതസംവിധായകൻ ബിജിബാൽ തുടങ്ങിയവർ വിശിഷ്ടാതിഥികളായി പങ്കെടുത്തു.

✪✪✪

കുട്ടികൾ മാരക രാസലഹരിക്കടിമകളാകുന്നത് ആദ്യഘട്ടത്തിൽ പുകയില ഉൽപന്നങ്ങളായ പാൻ മസാല, ഗുഡ്ക, ഖൈനി, ഹാൻസ് തുടങ്ങിയ ചവച്ചാണെന്നും അവയുടെ വില്പന പാടെ നിരോധിക്കണമെന്നും മുൻ എക്സൈസ് കമ്മീഷണർ ഋഷിരാജ് സിംഗ് പറഞ്ഞു. ചങ്ങമ്പുഴ സാംസ്കാരിക കേന്ദ്രത്തിന്റെ ത്രൈമാസ വിചാ രോത്സവത്തിൽ ലോക ലഹരി വിരുദ്ധ ദിന ബോധവത്കരണ പ്രഭാഷണം നടത്തുകയായിരുന്നു മുൻ DGP കൂടിയായ ഋഷിരാജ് സിംഗ്.

✪✪✪

ലഹരി ഉപയോഗത്തിനെതിരെ കാസർകോട് ജില്ലയിൽ വിമുക്തി മിഷൻ ' ബ്രേക്ക് ദ സൈക്കിൾ ' സന്ദേശത്തോടെ പ്രവർത്തനങ്ങൾ ശക്തമാക്കി. കാഞ്ഞങ്ങാട് ദുർഗ ഹയർ സെക്കണ്ടറി സ്കൂളിൽ ജില്ലാതല പരിപാടി E ചന്ദ്രശേഖരൻ MLA ഉദ്ഘാടനം ചെയ്തു.

✪✪✪

ഇന്ത്യയിൽ ഭരണഘടന അഭിപ്രായസ്വാതന്ത്ര്യം ഉറപ്പു നൽകുമ്പോഴും മാധ്യമ സ്വാതന്ത്ര്യം താഴ്ന്ന നിലയിലാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ അഭിപ്രായപ്പെട്ടു. നിലവിൽ മാധ്യമ സ്വാതന്ത്ര്യ സൂചികയിൽ ഇന്ത്യ 115-ാം സ്ഥാനത്താണ് അദ്ദേഹം പറഞ്ഞു. തിരുവനന്തപുരത്ത് സ്വദേശാഭിമാനി കേസരി പുരസ്കാരങ്ങളും, സംസ്ഥാന മാധ്യമ പുരസ്കാരങ്ങളും വിതരണം ചെയ്യുകയായിരുന്നു അദ്ദേഹം. 2021 -22, 23 വർഷങ്ങളിലെ പുരസ്കാരങ്ങളാണ് സമ്മാനിച്ചത്.

KG പരമേശ്വരൻ നായർ, ഏഴാച്ചേരി രാമചന്ദ്രൻ, N അശോകൻ എന്നിവരാണ് മാധ്യമരംഗത്തെ സമഗ്രസംഭാവനയ്ക്ക് സ്വദേശാഭിമാനി കേസരി പുരസ്കാരങ്ങൾ ഏറ്റുവാങ്ങിയത്.

✪✪✪

സംസ്ഥാനത്ത് ഇന്നും അതിശക്ത മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്രകാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകി. എറണാകുളം, ഇടുക്കി, തൃശൂർ, മലപ്പുറം, വയനാട് ജില്ലകളിൽ ഓറഞ്ച് ജാഗ്രത നൽകി. മറ്റ് ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ്.

ന്യൂസ് ഡെസ്ക്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ

.....(വോയ്സ്)....

മഴ ശക്തമായതിനെ തുടർന്ന് നീരൊഴുക്ക് വർധിച്ച കോഴിക്കോട് കക്കയം ഡാമിന്റെ ഷട്ടർ ഒരടി വരെ ഉയർത്തി. പാലക്കാട് മലമ്പുഴ ഡാമിന്റെ സ്പിൽവേ ഷട്ടറുകൾ രാവിലെ തുറക്കും. ഡാമിലേക്ക് നീരൊഴുക്ക് ശക്തമായതിനെ തുടർന്നാണ് ഷട്ടറുകൾ തുറക്കുന്നത്. ഭാരതപ്പുഴയുടെയും, കൽപ്പാത്തി പുഴയുടെയും തീരവാസികൾ ജാഗ്രത പാലിക്കണമെന്ന് അധികൃതർ മുന്നറിയിപ്പു നൽകി.

കനത്ത മഴയുടെ സാഹചര്യത്തിൽ സംസ്ഥാനത്തെ ഏഴ് ജില്ലകളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ജില്ലാ കളക്ടർമാർ അവധി പ്രഖ്യാപിച്ചു. എറണാകുളം, കോട്ടയം, തൃശ്ശൂർ, ഇടുക്കി, വയനാട്, പാലക്കാട്, പത്തനംതിട്ട ജില്ലകളിലും, നിലമ്പൂർ, ചേർത്തല, കുട്ടനാട്, ഇരിട്ടി താലൂക്കുകളിലുമാണ് അവധി.

കേരള- ഗൾഫ്- ലക്ഷദ്വീപ് മേഖലയിലെ ഹയർസെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി, സേ/ ഇംപ്രൂവ്മെന്റ് പരീക്ഷകളിൽ മാറ്റമില്ലെന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ അറിയിച്ചു.

✪✪✪

കണ്ണൂർ ഇരിട്ടി ബാരാപ്പോൾ ജലവൈദ്യുത പദ്ധതിയുടെ കനാലിൽ വിള്ളൽ കണ്ടെത്തിയതിനെ തുടർന്ന് വൈദ്യുത ഉൽപ്പാദനം നിർത്തി. മുൻ വർഷങ്ങളിലും കനാലിൽ ചോർച്ചയുണ്ടായിരുന്നു. കുടകിലെ ബ്രഹ്മഗിരി മലനിരകളിൽ പെയ്ത കനത്ത മഴയെ തുടർന്നാണ് ബാരാപ്പോളിൽ ക്രമാതിതമായി ജലം ഉയർന്നത്.

✪✪✪

വയനാട്ടിലെ വെള്ളമുണ്ട, പുളിഞ്ഞാൽ നെല്ലിക്കച്ചാൽ ഉന്നതി റോഡിൽ വൻഗർത്തം രൂപപ്പെട്ടു. ഇതേ തുടർന്ന് ഉന്നതിയിലെ 26 കുടുംബങ്ങളെയും മാറ്റിപ്പാർപ്പിച്ചു. പുളിഞ്ഞാൽ ഗവ: ഹൈസ്കൂളിലേക്കാണ് ഇവരെ മാറ്റിയത്.

✪✪✪

തൊഴിൽ അന്വേഷകരാകാതെ തൊഴിൽ ദാതാക്കളായി മാറാൻ ഓരോ വിദ്യാർത്ഥിയും ശ്രമിക്കണമെന്ന് ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ

ആവശ്യപ്പെട്ടു. കീടനാശിനികളില്ലാത്ത ഭക്ഷണം ഉൽപ്പാദിപ്പിക്കുന്ന നാച്ചുറൽ ഫാമിംഗിന്റെ സാദ്ധ്യതകൾ സംസ്ഥാനം ഉപയോഗപ്പെടുത്തണമെന്നും ഗവർണർ പറഞ്ഞു. കേരള കാർഷിക സർവകലാശാലയുടെ ബിരുദദാനച്ചടങ്ങിൽ പങ്കെടുക്കുകയായിരുന്നു അദ്ദേഹം.

മന്ത്രി P പ്രസാദ് ചടങ്ങിൽ അധ്യക്ഷനായിരുന്നു. വയനാട് ദുരന്തബാധിതർക്കായി കേരള കാർഷിക സർവകലാശാലയുടെ ധനസഹായമായ 25 ലക്ഷം രൂപ ഗവർണർ മന്ത്രിക്ക് കൈമാറി. വിവിധ ഫാക്കൽറ്റികളിലായി 1,039 വിദ്യാർത്ഥികൾ ഇക്കൊല്ലം സർവകലാശാലയിൽ നിന്ന് ഡോക്ടറേറ്റ്, ബിരുദാനന്തര ബിരുദം, ബിരുദം, ഡിപ്ലോമ എന്നിവ കരസ്ഥമാക്കി.

✪✪✪

ഭക്ഷ്യസ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവർക്ക് വ്യാജ മെഡിക്കൽ സർട്ടിഫിക്കറ്റുകൾ നൽകുന്ന ഡോക്ടർമാരുടെ ലൈസൻസ് സസ്പെൻഡ് ചെയ്യുമെന്ന് മന്ത്രി വീണാ ജോർജ് മുന്നറിയിപ്പു നൽകി. ഇവരുടെ ഹെൽത്ത് കാർഡ് പരിശോധന സംസ്ഥാന വ്യാപകമായി നടത്താൻ മന്ത്രി നിർദ്ദേശം നൽകി. ഹെൽത്ത് കാർഡ് ഇല്ലാതെയോ, വ്യാജ മെഡിക്കൽ സർട്ടിഫിക്കറ്റുമായോ ജീവനക്കാർ ജോലി ചെയ്യുന്ന സ്ഥാപനങ്ങളുടെ ലൈസൻസ് റദ്ദാക്കുമെന്നും മന്ത്രി തിരുവനന്തപുരത്ത് പറഞ്ഞു.

✪✪✪

നിലമ്പൂർ MLA ആയി ആര്യാടൻ ഷൗക്കത്ത് ഇന്ന് സത്യപ്രതിജ്ഞ ചെയ്യും. നിയമസഭാ മന്ദിരത്തിലെ R. ശങ്കരനാരായണൻ തമ്പി മെമ്പേഴ്സ് ലോഞ്ചിൽ വൈകിട്ട് മൂന്നരയ്ക്ക് സ്പീക്കറുടെ മുന്നിലാണ് സത്യപ്രതിജ്ഞ.

✪✪✪

മറ്റന്നാളത്തെ ഫിറ്റ് ഇന്ത്യ സൈക്കിൾ ക്യാമ്പയിന് നേതൃത്വം നൽകാൻ കേന്ദ്രമന്ത്രി ഡോ. മൻസൂഖ് മാണ്ഡവ്യ രാജ്യത്തെ മുൻനിര ശുചീകരണ സേനാനികളെ ആഹ്വാനം ചെയ്തു. ആരോഗ്യപൂർണവും, ശുചിത്വമേറിയതും സജീവവുമായ ഇന്ത്യയ്ക്കായി പ്രധാനമന്ത്രി നരേന്ദ്രമോദി നൽകിയ ആഹ്വാനമാണ് 'ഫിറ്റ് ഇന്ത്യ സൺഡേയ്സ് ഓൺ സൈക്കിൾ' സംരംഭം പ്രതിഫലിപ്പിക്കുന്നതെന്ന് ഡോ. മാണ്ഡവ്യ ഡൽഹിയിൽ പറഞ്ഞു.

✪✪✪

ചെന്നൈയിൽ വനിതാ, ഹോക്കി ഇന്ത്യ മാസ്റ്റേഴ്സ് കപ്പ് ടൂർണ്ണമെന്റിൽ ഒഡീഷ ഹോക്കി അസോസിയേഷനും പഞ്ചാബും ഫൈനലിൽ പ്രവേശിച്ചു. ആദ്യ സെമിയിൽ ഒഡീഷ തമിഴ്നാടിനെ ഒന്നിനെതിരെ നാലു ഗോളുകൾക്കാണ് തോൽപ്പിച്ചത്. രണ്ടാം സെമിയിൽ പഞ്ചാബ് ഹോക്കി

അസോസിയേഷൻ രണ്ടിനെതിരെ മൂന്നു ഗോളുകൾക്ക് ഹരിയാനയെ തോൽപ്പിച്ചു.

ഉച്ചയ്ക്ക് രണ്ടിനാണ് ഫൈനൽ.

✪✪✪

കൊല്ലത്തെ വിജിലൻസ് കോടതി മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് ഓൺലൈനായി ഉദ്ഘാടനം ചെയ്യും. കൊല്ലം, പത്തനംതിട്ട ജില്ലകളിലെ കേസുകളാണ് പുതിയ കോടതിയുടെ പരിധിയിൽ വരുന്നത്. ഉദ്ഘാടന ചടങ്ങിൽ ഹൈക്കോടതി ജഡ്ജി കൗസർ എഡപ്പഗത്ത് മുഖ്യപ്രഭാഷണം നടത്തും.

✪✪✪

മുസ്ലീം ലീഗ് സംസ്ഥാന നേതൃയോഗം ഇന്ന് മലപ്പുറത്ത് ചേരും. തദ്ദേശ തെരഞ്ഞെടുപ്പ് ഒരുക്കങ്ങൾ യോഗത്തിൽ ചർച്ചയായേക്കും.

✪✪✪

SFI പതിനെട്ടാം അഖിലേന്ത്യ സമ്മേളനം ഇന്ന് കോഴിക്കോട്ട് തുടങ്ങും. പ്രതിനിധി സമ്മേളനം രാവിലെ മുതിർന്ന ദൃശ്യ മാധ്യമ പ്രവർത്തകൻ ശശികുമാറും തിയേറ്റർ ആർട്ടിസ്റ്റ് സംവിധായകനുമായ M.K റയ്നയും ചേർന്ന് ഉദ്ഘാടനം ചെയ്യും.

✪✪✪

അന്താരാഷ്ട്ര MSME ദിനാചരണത്തിന്റെ സംസ്ഥാന തല സമാപന സമ്മേളനം മന്ത്രി P രാജീവ് തിരുവനന്തപുരത്ത് ഇന്ന് ഉദ്ഘാടനം ചെയ്യും. വ്യവസായജാലകം 2025 കൈപുസ്തകം ചടങ്ങിൽ പ്രകാശനം ചെയ്യും.

✪✪✪

കൊട്ടിയൂർ വൈശാഖോത്സവത്തിലെ പുണർതം ചതുശ്ശതം ഇന്നും, ആയില്യം ചതുശ്ശതം നാളെയും നടക്കും. തിങ്കളാഴ്ച മകം നാൾ ഉച്ചശീവേലി വരെയാണ്, സ്ത്രീകൾക്ക് അക്കരെ കൊട്ടിയൂരിൽ പ്രവേശനം.

✪✪✪

കുടുംബശ്രീ പദ്ധതികളെക്കുറിച്ച് അവബോധം നൽകുന്നതിനും പദ്ധതി പ്രവർത്തനങ്ങൾക്ക് വ്യാപക പ്രചാരം നൽകുന്നതിനും കണ്ണൂരിൽ ഇന്ന് മാധ്യമ ശില്പശാല സംഘടിപ്പിക്കും. ശില്പശാല രാവിലെ മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി ഉദ്ഘാടനം ചെയ്യും. കുടുംബശ്രീ സംരംഭകർ ഒരുക്കുന്ന പ്രദർശന വിപണന മേളയും പരിപാടിയുടെ ഭാഗമായി സംഘടിപ്പിച്ചിട്ടുണ്ട്.

✪✪✪

പാലക്കാട് മണ്ണാർക്കാട് തച്ചനാട്ടുകരയിൽ ആത്മഹത്യ ചെയ്ത വിദ്യാർത്ഥിനിയുടെ വീടും സ്കൂളും സംസ്ഥാന ബാലാവകാശ കമ്മിഷൻ അദ്ധ്യക്ഷൻ K.V മനോജ്കുമാർ ഇന്ന് സന്ദർശിക്കും.രാവിലെയാണ് കമ്മീഷന്റെ സന്ദർശനം.

✪✪✪

കഴിഞ്ഞ ബുധനാഴ്ച കേരള സർവകലാശാല സെനറ്റ് ഹാളിൽ നിബന്ധനകൾ ലംഘിച്ച് ശ്രീപത്മനാഭ സേവാസമിതി നടത്തിയ ചടങ്ങിനെതിരെ രജിസ്ട്രാർ DGP യ്ക്ക് പരാതി നൽകി. സംഘാടകർ സർവകലാശാലയുടെ മതനിരപേക്ഷ നിലപാട് ലംഘിച്ച് അനധികൃതമായി ഹാൾ ഉപയോഗിച്ചു എന്നാണ് പരാതി.

✪✪✪

കോഴിക്കോട് മെഡിക്കൽ കോളേജിനെ തകർക്കാൻ ഗൂഢാലോചന നടക്കുന്നതായി BJP സിറ്റി ജില്ലാ പ്രസിഡന്റ് KP പ്രകാശ്ബാബു ആരോപിച്ചു. ആവശ്യത്തിന് ഡോക്ടർമാരോ, നഴ്സുമാരോ ഇല്ലാതെ രോഗികൾ യാതന അനുഭവിക്കുമ്പോൾ, 20 ഡോക്ടർമാരെ മാറ്റിയ നടപടി സ്വകാര്യ ആശുപത്രി ലോബിയുമായി ഒത്തുകളിക്കുന്നതിന്റെ ഭാഗമാണെന്ന് അദ്ദേഹം പറഞ്ഞു.

✪✪✪

കണ്ണൂർ പയ്യന്നൂരിൽ വീട്ടിൽ അതിക്രമിച്ച് കയറി സ്ത്രീയെ ഭീഷണിപ്പെടുത്തി സ്വർണ മാലയും കമ്മലും മോഷ്ടിച്ച പ്രതി പൊലീസ് പിടിയിലായി. കരിവെള്ളൂർ കുക്കാനത്തെ രാജേന്ദ്രൻ ആണ് അറസ്റ്റിലായത്.

✪✪✪

---

*News Editor : വി. കെ സുരേഷ്*
*News Reader: അനിൽ ചന്ദ്രൻ*
*CNRT : രജിന കെ*
*DEO : ഷീബ*